(ബി) സാധ്യതാപഠനത്തിന് പുമതലപ്പെടുത്തിയിരുന്നത് ആരെയാണ് ; വ്യക്തമാക്കുമോ ;

(സി) പഠന റിപ്പോർട്ട് വഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രജല കമ്മീഷന്റെ നിർദ്ദേശപ്രകാരം ഐ.എസ്.ആർ.ഒ.യുടെ സാങ്കേതിക സഹായത്തോടെ സാറ്റലൈറ്റ് റിമോട്ട് സെൻസിങ് സർവ്വേ പ്രകാരം കല്ലട ജലസേചന പദ്ധതിയുടെ ജല സംഭരണിയിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലിന്റേയും മണ്ണിന്റേയും കണക്കെടുത്തിട്ടുണ്ട്.

(സി) പ്രോജക്ട് പർപ്പസിനുവേണ്ടി കണക്കാക്കിയിരുന്ന വാർഷിക സിൽറ്റേഷൻ 0.309 mm^3 പ്രതിവർഷം ആയിരുന്നത് 2003-ലെ കണക്ക് പ്രകാരം പ്രതിവർഷം 4.78 mm^3 എന്ന് കണക്കാക്കിയിട്ടുണ്ട്. അതിൻ പ്രകാരം 2003 വരെ 47.248 ദശലക്ഷം ഘനമീറ്റർ സംഭരണശേഷി കുറഞ്ഞിട്ടുണ്ട്.

മുല്ലശ്ശേരി - പാഴൂർ ഫൈലറൽ കനാലിന്റെ രണ്ടാം റീച്ച് നിർമ്മാണം

114 (6273) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കോൾ മേഖലയിലെ മുല്ലശ്ശേരി-പാഴൂർ ഫൈലറൽ കനാലിന്റെ രണ്ടാം റീച്ച് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് ഏജൻസിക്കാണ് നിർമ്മാണ പുമതല എന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഏജൻസി എത്രമാത്രം പണികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിർമ്മാണം എന്നത്തേക്കു പൂർത്തിയാകുമെന്നറിയിക്കുമോ ?

ഉത്തരം

(എ) എസ്റ്റിമേറ്റ് തുക 1,31,21,000 രൂപയാണ്.

(ബി) മുല്ലശ്ശേരി - പാഴൂർ ഫൈലറൽ കനാൽ നിർമ്മാണപദ്ധതി ഗവൺമെന്റ് കെ.എൽ.ഡി.സി.യെ ഏൽപ്പിച്ചതുപ്രകാരം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന മേൽപ്പണിയുടെ നിർമ്മാണച്ചുമതല ടെണ്ടർ നടപടികൾക്കു ശേഷം എ.ജോസഫ്, വാഴത്തിൽ ഹൗസ്, എടമൺ.പി.ഒ., കൊല്ലം എന്ന കരാറുകാരനാണ് ഏൽപ്പിച്ചുകൊടുത്തത്.

(സി) മേൽ കരാറുകാരൻ പണികൾ പൂർത്തീകരിക്കാൻ തയ്യാറാകാത്തതുകൊണ്ട് അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് റീ അറേഞ്ച് ചെയ്തു. ശ്രീ. എബ്രഹാം മത്തായി, പറപ്പള്ളിൽ ഹൗസ്, പെരിയാപുരം.പി.ഒ., എറണാകുളം ജില്ല എന്ന കരാറുകാരനാണ് പിന്നീട് ബാക്കി പണികളുടെ നിർമ്മാണ പുമതല ഏറ്റെടുത്തത്. 65 ശതമാനം പണികളാണ് ഇതുവരെയും പൂർത്തീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽ പദ്ധതിക്കുള്ള നബാർഡ് സഹായം 31-3-2009 -ൽ അവസാനിപ്പിച്ചതിനാൽ പ്രസ്തുത പദ്ധതി അവസാനിപ്പിക്കുകയാണുണ്ടായത്.

തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ ചാലുകളിൽ നീരൊഴുക്ക് തടസ്സപ്പെട്ടുകിടക്കുന്നത് സംബന്ധിച്ച്

115 (6274) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ ചാലുകളിൽ കുളവാഴയും പണ്ടിയും പേർന്ന് നീരൊഴുക്ക് തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആഗസ്റ്റ്-സെപ്റ്റംബർ മാസത്തെ കൃഷിക്കു മുമ്പായി ഇവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ സമഗ്ര ശുദ്ധജല വിതരണ സാനിറ്റേഷൻ പദ്ധതി

116 (6275) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ നടപ്പിലാക്കുന്ന ശുദ്ധജല വിതരണ സാനിറ്റേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതി ഇവിടത്തെ എത്ര പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത് ;

(സി) ഈ പദ്ധതിയിലൂടെ ഇവിടത്തെ എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്നാണ് കരുതുന്നത് ;

(ഡി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്കുവേണ്ടി വിദേശ ധനസഹായത്തിനുള്ള (ജൈക്ക -യുടെ ധനസഹായം) ഉറപ്പ് കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 14 (പതിനാല്) പഞ്ചായത്തുകളെ ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly